**D3BML1801(A1) (S4)** **(2 Pages)** **Reg. No:.......................**

**Name: ..........................**

**THIRD SEMESTER BA/B. Sc. DEGREE EXAMINATION NOVEMBER 2023**

**(Supplementary 2018 Admission)**

**COMMON COURSE IN MALAYALAM**

**AMAL3A07T: മലയാള സാഹിത്യം 3**

**Time: 3 Hours.** **Maximum Marks: 80**

**ഭാഗം I: ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും ½ മാർക്ക് വീതം**

1. കറുത്ത ദൈവത്തെ തേടി - എന്ന നാടകം എഴുതിയതാര് ?
2. സി. ജെ. യുടെ ആദ്യ നാടകം ഏതാണ് ?
3. നോവലിസ്റ്റ് തന്നെ തിരക്കഥ എഴുതണമെന്ന് പറഞ്ഞതാരാണ് ?
4. ''ഇപ്പം ഞങ്ങളൊക്കെയാ ഇവിടുത്തെ ഗ്രസ്തിക്കാർ''ഇങ്ങനെ പറഞ്ഞതാര് ?
5. ''കണ്ണീരും കിനാവും'' ആരുടെ കൃതിയാണ് ?
6. സിനായ് മലനിരകൾ സ്ഥിതി ചെയ്യുന്നത് എവിടെയാണ് ?
7. ''എടോ മരണം ഒരു ഫലിതമാണ് പ്രത്യേകിച്ചും അവനവന്റെ മരണം.'' ആരുടെ വാക്കുകളാണിത് ?
8. ധനു മാസത്തിലെ കൃഷിയുമായി ബന്ധപ്പെട്ട ആചാരം എന്താണ് ?
9. ''ഒടുവിൽ തുടി കയ്യിലുള്ള ഒരാളെ കണ്ടെത്തി''. ആരാണയാൾ?
10. മുനാഫിഖ് - എന്ന വാക്കിന്റെ അർത്ഥം എഴുതുക.

**(10 x ½ = 5 മാർക്ക്)**

**ഭാഗം II: ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം**

11. നാടകത്തിന്റെ മർമ്മ ഘടകങ്ങൾ ഏതൊക്കെയാണ് ?
12. സമത്വവാദി - കുറിപ്പെഴുതുക.
13. ഉണി അഴിഞ്ഞു പോയാൽ ചെറുമ്മ്യനോട് പറയണം ചൊവ്വനെ ചിറ്റിത്തരാൻ. സന്ദർഭം വിവരിക്കുക.
14. ''എന്നാപ്പിന്നെ കടിക്കുന്ന പട്ടിയെ വളർത്തി നിർത്താരുന്നല്ലോ ?''. സന്ദർഭം ഏത് ?
15. തിരക്കഥ - കുറിപ്പെഴുതുക.

**(5 x 2 = 10 മാർക്ക്)**

**(തുടർച്ച .... 2)**

**ഭാഗം III: ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് നൂറ്റമ്പത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

**ഓരോന്നിനും 5 മാർക്ക് വീതം.**

16. ‘‘കുറേക്കാലം ഞാൻ നല്ല ഒരു രാഷ്ട്രീയക്കാരനായിരുന്നു’’ വിശദമാക്കുക.

17. നിലാവ് കോരിക്കുടിച്ച കള്ളിമുൾച്ചെടികളെക്കുറിച്ച് മുസാഫർ അഹമ്മദ് വിവരിക്കുന്നതെങ്ങനെ ?

18. ജി ശങ്കരപ്പിള്ളയുടെ നാടകങ്ങൾ മലയാള നാടകചരിത്രത്തിൽ ശ്രദ്ധിക്കപ്പെടുന്നത് എങ്ങിനെയെല്ലാമാണ് ?

19. ‘‘സാഹിത്യവും സിനിമയും വേറെയാണ്, സങ്കേതങ്ങൾ വേറെയാണ് ’’— വിശദമാക്കുക.

20. ഒരിടത്തൊരു ഫയൽവാൻ എന്ന തിരക്കഥയിലെ ജോബ് എന്ന കഥാപാത്രത്തെ വിലയിരുത്തുക.

21. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ മൃഗസ്നേഹത്തെക്കുറിച്ച് വിശദമാക്കുക.

22. ‘‘വെടക്കാവൂന്ന് ഞാൻ മനസ്സിക്കണ്ടതാ. വെടക്കായി. ഏറെ വെടക്കാവണ്ടാച്ചാ കായ് തന്നിട്ട് ഞ്ഞി വേഗം പൊക്കോ’’സന്ദർഭം എഴുതി വിശദമാക്കുക.

**(5 x 5 = 25 മാർക്ക് )**

**ഭാഗം IV: ഏതെങ്കിലും നാല് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

**ഒരോന്നിനും 10 മാർക്ക് വീതം.**

23. മരുഭൂമിയിലെ മനുഷ്യന്റെ അതിജീവനങ്ങളെ മുസാഫർ അഹമ്മദ് മരുഭൂമിയുടെ ‘ആത്മകഥ’യിൽ അടയാളപ്പെടുത്തുന്നത് എങ്ങനെയാണ് ?

24. പത്മരാജന്റെ തിരക്കഥ രചനയുടെ മികവ് ‘ഒരിടത്ത് ഒരു ഫയൽവാൻ’ എന്ന തിരക്കഥയെ മുൻനിർത്തി വിശദമാക്കുക.

25. മലയാള നാടകചരിത്രം എൽ. തോമസ്സുകുട്ടി വിവരിക്കുന്നത് എങ്ങനെയാണ് ?

26. നാടകത്തിനുള്ളിലെ നാടകമാണ് 1128 ൽ ക്രൈം 27. വിശദമാക്കുക.

27. ഒരു ജനതയുടെ വിശ്വാസങ്ങളാണ് അവരുടെ കർമ്മങ്ങൾക്ക് ആധാരം -‘മാട്ട് ’ എന്ന ലേഖനത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

28. ഒരു കാലഘട്ടത്തിന്റെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും ചരിത്രത്തെ എങ്ങനെയാണ് ദേവകി നിലയങ്ങോട് ‘പത്തായം’ എന്ന ലേഖനത്തിൽ അനാവരണം ചെയ്തിരിക്കുന്നത് ?

**(4 x 10 = 40 മാർക്ക് )**